വിധേയമായി ആ പ്രദേശത്തെ തൊഴിലാളികൾക്ക് അംഗമാകാവുന്നതാണ്. ഇവിടെ നടീൽ മുതൽ വിളവെടുപ്പ് വരെയുള്ള കൃഷിമുറകൾ യന്ത്രങ്ങളുടെ സഹായത്തോടെ നടത്തുന്നതിൽ തൊഴിലാളികൾക്ക് പരിശീലനം ലഭിക്കും. ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന കമ്മിറ്റിക്കാണ് ഈ സ്ഥാപനങ്ങളുടെ ചുമതല. ഈ കേന്ദ്രങ്ങൾക്ക് സൗജന്യ നിരക്കിൽ വിവിധ കൃഷിപ്പണികൾക്ക് ആവശ്യമായ യന്ത്രങ്ങളും ലഭ്യമാക്കും. പരിശീലനം ലഭിച്ച തൊഴിലാളികൾക്ക് ഈ യന്ത്രങ്ങളുടെ സഹായത്തോടെ കൃഷിക്കാരുടെ ആവശ്യമനുസരിച്ച് അവരുടെ കൃഷിയിടങ്ങളിൽ വേണ്ട ജോലികൾ നിശ്ചിത നിരക്കിൽ ചെയ്തുകൊടുക്കുവാൻ കഴിയും. ഇത്തരത്തിൽ ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുവാനാണ് കൃഷിവകുപ്പ് ലക്ഷ്യമിടുന്നത്.

പൊക്കാളി കർഷകർക്ക് ലഭിക്കേണ്ട സബ്സിഡികൾ

191 (3477) ശ്രീ. എ. എം. ആരിഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ പൊക്കാളി നിലങ്ങളിൽ സർക്കാരിന്റെ പ്രഖ്യാപിതനയങ്ങൾക്കനുസരിച്ച് വായ്പയെടുത്ത് നെൽകൃഷിയിലേർപ്പെട്ട കർഷകർക്ക് സബ്സിഡികൾ ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊക്കാളി കർഷകർക്ക് ലഭിക്കേണ്ട സബ്സിഡികൾ അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അരൂർ മണ്ഡലത്തിലെ പൊക്കാളി നിലങ്ങളിൽ 2014-15 വിരിപ്പ് സീസണിൽ കൃഷിയിറക്കിയ കർഷകർക്ക് കൃഷി വകുപ്പിൽ നിന്നും സബ്സിഡി ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അരൂർ മണ്ഡലത്തിലെ 24 പാടശേഖരങ്ങളിലായി 376.96 ഹെക്ടർ നിലംകൃഷി ചെയ്യുതിന് പ്രത്യേക നെല്ലിനങ്ങൾക്കുള്ള ധനസഹായം (പൊക്കാളി) ഹെക്ടറിന് 10,000 രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. അർഹരായ കർഷകർക്ക് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly